# Deepika

## 24 August 2018

## Kochi: After Flood, Bridge Collapsed



നാട്ടുവിശേഷം

സ്റ്റേഷനിൽ അതിക്രമം കാട്ടിയ എസ്ഡിപിഐ നേതാക്കൾ അറസ്റ്റിൽ

EKM C

2018 ഓഗസ്റ്റ്

പ്രളയക്കെടുതി

# പിഴല-ചെറിയകടമക്കുടി പാലം തകർന്നു

പ്രളയക്കെടുതിയിൽ തകർന്ന പിഴല-ചെറിയകടമക്കുടി പാലത്തിൽ നാട്ടുകാർ ഒരുക്കിയിരിക്കുന്ന മുന്നറിയിപ്പ് സംവിധാനം.

**ചെറിയകടമക്കുടി പ്രദേശത്തുള്ള കുടുംബങ്ങൾക്കു പിഴല ഭാഗത്തേക്ക് എത്തിച്ചേരാനുള്ള ഏകമാർഗമാണ് ഈ പാലം.**

**കൊച്ചി:** പ്രളയക്കെടുതിയിൽ പിഴല-ചെറിയകടമക്കുടി പാലത്തിന്റെ ഒരുഭാഗം ഇടിഞ്ഞുവീണു. നാളുകളായി ശോചനീയാവസ്ഥയിലായിരുന്ന പാലം തകർന്നതോടെ ഇതുവഴിയുള്ള കാൽനടയാത്രപോലും ദുഷ്കരമായി.

ഏതാനും ദിവസംമുമ്പാണ് ചെറിയകടമക്കുടി പ്രദേശത്തോടു ചേർന്നുള്ള പാലത്തിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണത്. ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ കടന്നുപോയിരുന്ന പാലം ഏതു നിമിഷവും പൂർണമായും ഇടിഞ്ഞുവീഴാവുന്ന സ്ഥിതിയിലാണ്. ചെറിയകടമക്കുടി പ്രദേശത്തുള്ള കുടുംബങ്ങൾക്കു പിഴല ഭാഗത്തേയ്ക്ക് എത്തിച്ചേരാനുള്ള ഏക മാർഗമാണ് ഈ പാലം. ഫണ്ടില്ലെന്ന കാരണത്താലാണു ശോചനീയാവസ്ഥയിലായ പാലത്തിന്റെ നിർമാണം വൈകുന്നതെന്നാണു വിവരം.

1986 ൽ നിർമിച്ച പാലത്തിന് 50 മീറ്റർ നീളവും രണ്ടര മീറ്റർ വീതിയുമാണുള്ളത്. നേരത്തേ പാലത്തിലൂടെ ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോയിരുന്നു. ഒരുഭാഗം ഇടിഞ്ഞുപോയതോടെ നാട്ടുകാർ കമുകും പലകകളും ഉപയോഗിച്ച് പാലത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇതുവഴി കാൽനടയാത്രപോലും ദുഷ്കരമാണെന്നു നാട്ടുകാർ പറയുന്നു. ദിവസവും നൂറുകണക്കിനുപേർ ആശ്രയിച്ചിരുന്ന പാലം എത്രയും വേഗം പുനർനിർമിക്കണമെന്നാണു നാട്ടുകാരുടെ ആവശ്യം.